# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.കെ.പുഷ്പവല്ലിയെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(എം.എസ്)നം. 12/2014/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 15/01/2014.**

---

പരാമർശം:- 1) 25.11.2005 ലെ സ.ഉ(പി) നമ്പർ 501/05/ധന.
2) 09.02.2010 ലെ സ.ഉ(പി) നമ്പർ 61/10/ധന
3) ശ്രീമതി.കെ.പുഷ്പവല്ലിയുടെ 25/11/2011 ലെ നിവേദനം.
4) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20/03/2013 & 28/10/2013 തീയതികളിലെ വിധിന്യായം.
5) പഞ്ചായത്ത് ഡയറക്ടറുടെ 12/06/2013, 23/09/2013 തീയതികളിലെ ഇ9-2115/2013 നമ്പർ കത്തുകൾ.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.കെ.പുഷ്പവല്ലി തന്റെ നിയമനം ക്രമവൽക്കരിക്കണമെന്നാവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ നമ്പർ 2626/12 പ്രകാരം ഒരു അന്യായം ഫയൽ ചെയ്യുകയും അതിൻമേൽ ബഹു. ട്രിബ്യൂണലിന്റെ 20/03/2013 ലെ വിധിന്യായ പ്രകാരം അനുബന്ധം എ 5 ഹർജിയിൽ ഒന്നാം കക്ഷിയായ സർക്കാർ വിധിന്യായം ലഭിച്ച് മൂന്നു മാസത്തിനകം തീരുമാനമെടുക്കണമെന്നും സൂചന (4) പ്രകാരം ഉത്തരവായിട്ടുണ്ട്. സൂചന (5) ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ടിയാളുടെ പ്രൊപ്പോസൽ നിയമന ക്രമവൽക്കരണത്തിനായി ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.കെ.പുഷ്പവല്ലിയുടെ നിയമനം പ്രസ്തുത ഗ്രാമ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവ് തീയതി മുതൽ ക്രമവൽക്കരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒ.എ നമ്പർ 2626/12 നമ്പർ അന്യായത്തിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായം ഇപ്രകാരം പാലിക്കപ്പെട്ടിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**സെൽവരാജൻ.എൽ**
**അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
സെക്രട്ടറി, ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട്.
ശ്രീമതി. കെ.പുഷ്പവല്ലി, സ്വീപ്പർ, ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട്.
(സെക്രട്ടറി, ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട്.മുഖേന)
ധനകാര്യ വകുപ്പ് (109133/Expdr C2/13/Fin dated 18/12/2013 പ്രകാരം)
ഡയറക്ടർ, ഐ.കെ.എം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ